ത്രിതല പഞ്ചായത്തുകളുടേയും നഗരസഭകളുടേയും ഭരണനടപടികൾ സുതാര്യമാക്കാൻ നടപടി

60 (2183) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടേയും നഗരസഭകളുടേയും ഭരണനടപടികൾ സുതാര്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

(സി) പദ്ധതികളുടെ പ്രയോജനം സിദ്ധിക്കുന്ന ഗുണഭോക്താക്കൾ ആരെന്നും ഓരോരുത്തർക്കും കിട്ടിയ പ്രയോജനമെന്താണെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുനോട്ടീസുകൾ മുഖാന്തിരം പ്രമുഖ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കാറുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എപ്രകാരമാണെന്ന് വിശദാംശം നൽകുമോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം കൊടുക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകളുടേയും നഗരസഭകളുടേയും ഭരണ നടപടികൾ സുതാര്യമാക്കുന്നതിനുള്ള വിവിധ വ്യവസ്ഥകൾ നിലവിലുണ്ട്. അവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നവരുടെ പേരും അഡ്രസ്സും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധപ്പെടുത്താറുണ്ട്.

(ഡി) ത്രിതല പഞ്ചായത്തുകളിൽ ഓരോ പ്രോജക്ടിന്റെയും ഗുണഭോക്താക്കളുടെ പേരും അഡ്രസ്സും വ്യക്തമായി രേഖപ്പെടുത്തി പ്രസിദ്ധപ്പെടുത്താറുണ്ട്. ഈ ലിസ്റ്റിന്റെ പകർപ്പ് ഏതൊരു പൗരനും പരിശോധിക്കാൻ പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്നതുമാണ്.

നഗരസഭകൾ

ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടി ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് മുൻഗണനാ മാനദണ്ഡങ്ങൾ അനുസരിച്ച് മാർക്കിടുന്നതും ഗുണഭോക്തൃ ലിസ്റ്റിന്റെ നക്കൽ പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതുമാണ്. കൂടാതെ പ്രസ്തുത ലിസ്റ്റ് വാർഡ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സഭകളുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും വാർഡ് സഭകളുടെ പരിശോധനയ്ക്കു ശേഷം അവരുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് കൊണ്ട് നഗരസഭാ കൗൺസിലുകൾ ഗുണഭോക്തൃ ലിസ്റ്റിന് അന്തിമ അംഗീകാരം നൽകുന്നു. തുടർന്ന് ലിസ്റ്റ് പൊതുജനങ്ങളുടെ അംഗീകാരത്തിനായി പ്രസിദ്ധീകരിക്കുന്നതാണ്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അൺടൈഡ് ഫണ്ട്

61 (2184) ശ്രീ. എ. സുജനപാൽ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അൺടൈഡ് ഫണ്ട് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഇനത്തിൽ എന്തു തുക നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ദത്തെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനം

62 (2185) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തെ ഏതെങ്കിലും വിദേശ തദ്ദേശഭരണ സ്ഥാപനമോ, രാജ്യമോ ദത്തെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തദ്ദേശഭരണ സ്ഥാപനത്തെയെന്ന് പറയാമോ ;

(ബി) ഇപ്രകാരം ദത്തെടുക്കുന്നതുകൊണ്ട് ആ തദ്ദേശഭരണ സ്ഥാപനത്തിന് എന്ത് പ്രയോജനം ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ സാംസ്ക്കാരികമോ ചരിത്രപരമോ ആയ വികസനത്തിനുവേണ്ടി ഏതെങ്കിലും വിദേശ തദ്ദേശഭരണ സ്ഥാപനമോ രാജ്യമോ ഏതെങ്കിലും വിധത്തിലുള്ള ബന്ധം സ്ഥാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly